## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3698** **11/11/2019-ൽ മറുപടിക്ക്**

# ഇൻഫോപാർക്കിന് പ്രവേശന കവാടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| എ) | ഇൻഫോപാർക്ക് രണ്ടാം ഘട്ടം പദ്ധതി പ്രദേശത്തേക്ക് പാടത്തിക്കര ഇരുത്തിൽ നിന്നും പ്രവേശന കവാടം സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ടോ; | എ) & ബി) | പഞ്ചായത്ത് പുറമ്പോക്ക് ഭൂമി, പ്രവേശന കവാടം നിർമ്മിക്കുന്നതിനും മറ്റുമായി ഇൻഫോപാർക്കിന് സൗജന്യമായി വിട്ടു നൽകാൻ കുന്നത്തുനാട് പഞ്ചായത്തിന്റെ 23/10/2018-ന് നടന്ന യോഗ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. വിട്ടു നൽകാൻ തിരുമാനിച്ചിരുന്ന കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കുന്നത്തുനാട് വില്ലേജ്, ബ്ലോക്ക് 26 സർവ്വേ നം.284/10-ൽപ്പെട്ട 0.0820 ഹെക്ടർ ഭൂമി ബി.ടി.ആറിൽ പുറമ്പോക്ക് തോട് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുതസ്ഥലം സൗജന്യമായി വിട്ട് നല്കുന്നതിന് വ്യവസ്ഥ ഉണ്ടോ എന്നും, പ്രവേശന കവാടം നിർമ്മിക്കുന്നതിന് സ്ഥലം അനുയോജ്യമാണോ എന്നുമുള്ള കാര്യം തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ച് വരുന്നു. പ്രസ്തുത പുറമ്പോക്ക് ഭൂമി ഇൻഫോ പാർക്കിന് ലഭ്യമാവുന്ന മുറയ്ക്ക് പ്രവേശന കവാടവും അനുബന്ധ റോഡും നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| & ബി) | അനുമതി നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**